(സി) ഉൾനാടൻ മത്സ്യഇനങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കപ്പെടുന്നുണ്ടോ ; എങ്കിൽ കഴിഞ്ഞ രണ്ടുവർഷത്തെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഉൾനാടൻ മത്സ്യഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

(ബി) കട്ല, മൃഗാൾ, രോഹു, സൈപ്രിസ് ആറ്റുകൊഞ്ച് മുതലായവ.

(സി) സർക്കാർ ഹാച്ചറികളിൽ നിന്ന് കയറ്റുമതി ചെയ്യുന്നില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

മത്സ്യകൃഷി വികസനത്തിന് വിദേശ ഗവൺമെന്റിന്റെ സഹായം

108 (2357) ശ്രീമതി രാധാരാഘവൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യകൃഷി വികസനത്തിന് ഏതെങ്കിലും വിദേശ ഗവൺമെന്റിന്റെ സഹായം സംസ്ഥാനഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിദേശ ഗവൺമെന്റുകളുടെ സഹായമാണ് ലഭിക്കുന്നതെന്ന് പറയുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജർമ്മനി, കുവൈറ്റ് എന്നീ വിദേശ ഗവൺമെന്റുകളുടെ സഹായം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ ലഭിക്കുന്നില്ല.

എൻ.സി.ഡി.സി. പദ്ധതികളിലെ കുടിശ്ശികയും ക്രമക്കേടുകളും

109 (2388) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.സി.ഡി.സി. പദ്ധതികളിലോരോന്നിലും വായ്പാ സബ്സിഡി, മൂലധന വിഹിതമായി സംസ്ഥാന സർക്കാർ എന്തുതുക വീതം മത്സ്യഫെഡിന് നൽകിയിട്ടുണ്ടെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എൻ.സി.ഡി.സി. ധനസഹായത്തോടെ മത്സ്യഫെഡ് നടപ്പാക്കിയ പദ്ധതികളിലോരോന്നിലും വായ്പാ ഇനത്തിൽ 31-5-2003 വരെ സംസ്ഥാന സർക്കാരിലേക്ക് മുതൽ, പലിശ ഇനങ്ങളിൽ തിരിച്ചടയ്ക്കേണ്ടതായ എത്ര കുടിശ്ശിക ഉണ്ടായിട്ടുണ്ടെന്നറിയിക്കുമോ ; കുടിശ്ശിക സംഖ്യ പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) മത്സ്യഫെഡിന് നൽകിയ എൻ.സി.ഡി.സി. വായ്പകൾ സംസ്ഥാന സർക്കാർ തിരിച്ചടച്ചു കഴിഞ്ഞുവോ ; എങ്കിൽ മുതൽ, പലിശ ഇനങ്ങളിൽ എത്ര രൂപ വീതം തിരിച്ചടച്ചു കഴിഞ്ഞു ;

(ഡി) ഈ പദ്ധതിക്കായി എൻ.സി.ഡി.സി. വായ്പക്കുപുറമേ സംസ്ഥാന സർക്കാർ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും, ചിലവഴിച്ച തുക ഈ പദ്ധതിക്കു മാത്രമായി വിനിയോഗിച്ചിട്ടുണ്ടോയെന്നും വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) എൻ.സി.ഡി.സി. പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു ; സർക്കാർ തലത്തിൽ ഒരന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച വിശദവിവരം അനുബന്ധം-1-ൽ ചേർത്തിട്ടുണ്ട്†.

(ബി) ഇതു സംബന്ധിച്ച മറുപടി അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്*.

(സി) പ്രസ്തുത വായ്പാതുക മുഴുവനും തിരിച്ചടച്ചിട്ടില്ല. ഓരോ വർഷവും നവംബർ മാസത്തിലാണ് തവണ തുക ഗഡുക്കളായി അടയ്ക്കുന്നത്. 2001-02 വർഷത്തിലെ തവണ തുകയായ 8.389 കോടി രൂപ മുതലും 7.670 കോടി രൂപ പലിശയും ഉൾപ്പെടെ മൊത്തം 16.058 കോടി രൂപ 2002 നവംബർ മാസത്തിൽ അടച്ചു.

(ഡി) ഉണ്ട്. ഇതുസംബന്ധിച്ച വിശദവിവരം അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്†.

(ഇ) എൻ.സി.ഡി.സി. പദ്ധതിയുടെ നടത്തിപ്പിനുവേണ്ടിയുള്ള ഒ.ബി.എം. പർച്ചേസ്, ഇൻഷ്വറൻസ് ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ എന്നിവയിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ തലത്തിൽ നടപടികൾ പരിഗണനയിലാണ്.

---

† അനുബന്ധം VII & VIII

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[9-7-2003-ലെ 109 (2388)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

ക്രമ നമ്പർ	പദ്ധതി	വായ്പ	സബ്സിഡി	മൂലധനം	ആകെ തുക
1	എൻ.സി.ഡി.സി. ധനസഹായത്തോടെയുള്ള സംയോജിത മത്സ്യ വികസന പദ്ധതി 1-ാം ഘട്ടം	295.21	260.63	...	555.84
2	" 2-ാം ഘട്ടം	398.41	381.62	254.46	1034.49
3	" 3-ാം ഘട്ടം	2,208.73	1,158.62	796.73	4164.08
4	ബീച്ച് ലാന്റിംഗ് ക്രാഫ്റ്റ്	9.33	10.37	...	19.70
5	സംയോജിത മത്സ്യ വികസന പദ്ധതി ഉൾനാടൻ മേഖല	418.38	68.05	86.79	573.22
6	സംയോജിത മത്സ്യ വികസന പദ്ധതി 1998-99	787.525	525.500	510.82	1823.845
7	" 1999-2000	627.00	306.50	642.50	1576.00
8	" 2000-2001	663.75	291.563	83.59	1038.903
9	" 2001-2002	853.88	489.31	1,174.06	2517.25
10	ഫിഷ് മാർക്കറ്റിംഗ് സെന്റർ	168.800	143.50	...	312.30
	ആകെ	6430.818	3635.655	3548.946	13615.419

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[9-7-2003-ലെ 109 (2388)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

ക്രമ നമ്പർ	പദ്ധതി	കുടിശ്ശിക മുതൽ	പലിശ	ആകെ
1	എൻ.സി.ഡി.സി. ധനസഹായത്തോടെയുള്ള സംയോജിത മത്സ്യവികസന പദ്ധതി 1-ാം ഘട്ടം	...	144.28	144.28
2	" 2-ാം ഘട്ടം	...	122.27	122.27
3	" 3-ാം ഘട്ടം	337.63	1,441.85	1,779.48
4	ബീച്ച് ലാന്റിംഗ് ക്രാഫ്റ്റ്	...	2.97	2.97
5	സംയോജിത മത്സ്യവികസന പദ്ധതി ഉൾനാടൻ മേഖല	182.96	321.49	504.45
6	സംയോജിത മത്സ്യവികസന പദ്ധതി 1998-99	315.00	610.34	925.34
7	സംയോജിത മത്സ്യവികസന പദ്ധതി 1999-2000	188.10	391.88	579.98
8	ഫിഷ് മാർക്കറ്റിംഗ് സെന്റർ	50.64	105.50	156.14
9	സംയോജിത മത്സ്യവികസന പദ്ധതി 2000-01	132.76	315.28	448.04
	ആകെ	1207.09	3455.86	4662.95

LIBRARY ARCHIVES Kerala Legislative Assembly